(ബി) ഔഷധ വിപണന മേഖലയിൽ സിവിൽ സപ്ലൈസ് വകുപ്പ് എന്തെല്ലാം ഇടപെടലാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഗവൺമെന്റിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന മെഡിക്കൽ-റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകളുമായി ബന്ധപ്പെട്ട പരാതികൾ ഒഴിവാക്കുന്നതിന് വ്യാപകമായ ഗവൺമെന്റ് നിയന്ത്രിത വിപണന ശൃംഖല ഇപ്പോൾ നിലവിലില്ലെന്ന വസ്തുത ശ്രദ്ധിക്കുമോ;

(ഡി) പ്രധാനപ്പെട്ട ജില്ലാ, താലൂക്ക് ആശുപത്രി പരിസരങ്ങളിലെങ്കിലും അലോപ്പതി/ആയുർവേദ/ഹോമിയോ ഔഷധ വിതരണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഭക്ഷ്യപൊതു വിതരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആരോഗ്യ വകുപ്പിൽനിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ 38 മാവേലി മെഡിക്കൽ സ്റ്റോറുകൾ നടത്തുന്നുണ്ട്. ഈ മെഡിക്കൽ സ്റ്റോറുകളിൽകൂടി എല്ലാ വിധമരുന്നുകളും 10 ശതമാനം മുതൽ 30 ശതമാനം വരെ വിലക്കുറവിലാണ് വിൽപ്പന നടത്തുന്നത്. മാവേലി മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനായി സ്ഥലം ലഭിക്കുന്ന മുറയ്ക്ക് എല്ലാ ലാഭം മാർക്കറ്റിന്റെയും കൂടെ മാവേലി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഈ വകുപ്പ് മാവേലി മെഡിക്കൽ സ്റ്റോറുകൾ അനുവദിക്കുന്നുണ്ട്. 38 മാവേലി മെഡിക്കൽ സ്റ്റോറുകൾ ഇതുവരെ അനുവദിച്ചിട്ടുണ്ട്.

(ഡി) പ്രധാന കേന്ദ്രങ്ങളിൽ മാവേലി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പരിഗണനയിലുണ്ട്. ഈ പദ്ധതിയിൽ അലോപ്പതി ഔഷധങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

വിള ഇൻഷ്വറൻസ് പദ്ധതി

82 [3808] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം വിളകളെ ഉൾപ്പെടുത്തിയാണ് വിള ഇൻഷ്വറൻസ് പദ്ധതി നിലവിൽ വന്നിട്ടുള്ളത്.

(ബി) ഇൻഷ്വറൻസ് പദ്ധതിയിൽ എത്ര കർഷകർ ഇതുവരെ അംഗങ്ങളായിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി മുഴുവൻ കർഷകർക്കും പ്രയോജനപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് രണ്ടുവിള ഇൻഷ്വറൻസ് പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത്. സംസ്ഥാനവിള ഇൻഷ്വറൻസ് പദ്ധതിയും കേന്ദ്രകൃഷി ഇൻഷ്വറൻസ് പദ്ധതിയും. സംസ്ഥാനകൃഷി ഇൻഷ്വറൻസ് പദ്ധതിയിൽ തെങ്ങ്, കമുങ്ങ്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പു, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല് എന്നീ 25 വിളകളെ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ കേന്ദ്രകൃഷി ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്, മരച്ചീനി, വാഴ, പൈനാപ്പിൾ, മഞ്ഞൾ, ഇഞ്ചി എന്നീ വിളകളെയും ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) കേന്ദ്രകൃഷി ഇൻഷ്വറൻസ് പദ്ധതിയിൽ 158,663 കർഷകരെ നാളിതുവരെയായി അംഗങ്ങളായി ചേർത്തിട്ടുണ്ട്. സംസ്ഥാനവിള ഇൻഷുറൻസ് പദ്ധതിയിൽ 122,657 കർഷകരും അംഗങ്ങളായിട്ടുണ്ട്. സംസ്ഥാനവിള ഇൻഷുറൻസ് പദ്ധതിയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ദേശീയകൃഷി ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ചു പുരോഗതി അവലോകനം ചെയ്തപ്പോൾ ലോണെടുക്കാത്ത കർഷകരുടെ പങ്കാളിത്തം പദ്ധതിയിൽ തൃപ്തികരമായ അളവിൽ ഇല്ലാത്തതിനാൽ തിരഞ്ഞെടുത്ത കൃഷിഭവനുകളും കേന്ദ്രമാക്കി വ്യാപകമായ പരസ്യം നടത്തുവാനും, കിസ്സാൻ പദ്ധതി, എഫ്.ഐ.ബി. പ്രസിദ്ധീകരണങ്ങൾ എന്നിവ വഴി മാദ്ധ്യമ പരസ്യം നൽകാനും അതുവഴി കർഷകരെ കൂടുതലായി പദ്ധതിയിൽ അംഗങ്ങളാക്കാനും നടപടി തുടങ്ങിയിട്ടുണ്ട്.

വരൾച്ചയെത്തുടർന്നു കാർഷിക മേഖലയിലുണ്ടായ നഷ്ടം

83 [3809] ശ്രീ. പി. ജയരാജൻ:

,, വി. കെ. സി. മമ്മത്കോയ:

,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ വരൾച്ചയെത്തുടർന്ന് കാർഷികമേഖലയിലുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ബി) കാർഷിക മേഖലയിലുണ്ടായ നഷ്ടത്തിനു പരിഹാരം കാണാൻ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ 2001-2002, 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ എന്തു തുക വീതം കേന്ദ്രത്തിൽനിന്നും ലഭിച്ചു; ഇതിൽ എന്തുതുക വീതം ചെലവഴിച്ചു;

(ഡി) കേന്ദ്രത്തിൽനിന്നും ലഭിച്ച തുക ലാപ്സായിട്ടുണ്ടോ; എങ്കിൽ എത്ര;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly